"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങൾ - ഹൃദയ ശസ്ത്രക്രിയയ്ക്ക് / ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രത്യേക ആകസ്മിക അവധിയുടെ പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.41/2025/FIN** **തീയതി,തിരുവനന്തപുരം, 03-04-2025**

---

പരാമർശം:-

1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 02.01.2025 ലെ കെ3/ 7691/2024/മെ.വി.വ. നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.01.2025 ലെ DHS/30001/ 2024-MH3 നമ്പർ കത്ത്.

**ഉത്തരവ്**

ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന്, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷത്തിൽ 45 ദിവസങ്ങളിൽ കവിയാത്ത പ്രത്യേക ആകസ്മികാവധിയ്ക്ക് അർഹതയുണ്ട്

2 . ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രത്യേക ആകസ്മികാവധിയുടെ പരിധി 90 ദിവസങ്ങളായി ഉയർത്തണമെന്നും ഈ ആനുകൂല്യം ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്നും ഉള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന്, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 പ്രകാരം അനുവദനീയമായ പ്രത്യേക ആകസ്മികാവധിയുടെ പരിധി ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷത്തിൽ പരമാവധി 90 ദിവസങ്ങളായി ഉയർത്തിയും, ടി ആനുകൂല്യം ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് കൂടി അനുവദനീയമാണ് എന്ന് സ്പഷ്ടീകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇതിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്

5. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ലക്ഷ്മി രഘുനാഥൻ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
നിയമ വകുപ്പ് ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾ/സെക്ഷനുകൾ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരളത്തിലെ എല്ലാ സർവകലാശാലകൾ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് (പി.എം.യു.)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E. 2958515, RULES-B1/84/2024-FIN)

ഉത്തരവിൻ പ്രകാരം

Signed by Raj Mohan M S
Date: 03-04-2025 16:51:13
അക്കൗണ്ട്സ് ഓഫീസർ